(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് നടത്തുന്നതിന് നടപടി

3 [*158] ശ്രീ. എൻ. രാജൻ :

,, കെ. പി. രാജേന്ദ്രൻ :

,, ബിനോയ് വിശ്വം :

,, മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് നടത്തുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അക്കാഡമിക് വർഷത്തിന്റെ അവസാന സമയത്ത് കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് നടത്തുന്നത് പ്രയോജനപ്രദമല്ലയെന്നത് കണക്കിലെടുത്ത് അദ്ധ്യയനവർഷാരംഭത്തിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് സംബന്ധിച്ച് ബഹു: ഹൈക്കോടതി, ബഹു: സുപ്രീംകോടതി എന്നിവിടങ്ങളിലുള്ള കേസുകളിൽ തീർപ്പുണ്ടായിട്ടുണ്ടോ;

(ഡി) ഈ കേസുകളിൽ സർക്കാർ എടുത്തിട്ടുള്ള നിലപാടുകൾ വിശദമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) കൊച്ചി, കോഴിക്കോട്, കണ്ണൂർ, കാലടി ശ്രീ ശങ്കരാചാര്യ സർവകലാശാലകളിൽ തെരഞ്ഞെടുക്കപ്പെട്ട യൂണിയനുകൾ നിലവിലുണ്ട്. കേരള യൂണിവേഴ്സിറ്റിയിൽ 27-1-2006-ൽ യൂണിയൻ തെരഞ്ഞെടുപ്പ് നടത്തുകയുണ്ടായി. 2006 ഫെബ്രുവരിയിൽത്തന്നെ സർവ്വകലാശാല യൂണിയൻ രൂപീകരിക്കുന്നതാണെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. എം. സി. സർവ്വകലാശാലയിൽ ഉടനെതന്നെ തെരഞ്ഞെടുപ്പ് നടത്തി യൂണിയൻ പുനഃസംഘടിപ്പിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(ബി) ഈ പ്രാവശ്യം നീണ്ടു പോകാനിടയായത് ഇതു സംബന്ധിച്ച് കോടതിയിൽ കേസുകൾ നിലവിലുള്ളതുകൊണ്ടായിരുന്നു. കേസിന്റെ കാര്യത്തിൽ ഗവൺമെന്റ് അതിന്റെ നിലപാട് അറിയിച്ചു കഴിഞ്ഞു. അടുത്ത വർഷം നേരത്തെ തന്നെ തെരഞ്ഞെടുപ്പു നടത്താൻ ഗവൺമെന്റ് എല്ലാ പരിശ്രമവും ചെയ്യുന്നതാണ്.

(സി) പ്രസ്തുത കേസുകളിൽ കോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ല. ബഹു: സുപ്രീംകോടതിയുടെ 12-12-2005-ലെ ഉത്തരവുപ്രകാരം രാജ്യത്തെ യൂണിവേഴ്സിറ്റി/കോളേജ് സ്റ്റുഡന്റ്സ് യൂണിയൻ തെരഞ്ഞെടുപ്പ് സംബന്ധിച്ച് പഠനം നടത്തി ശുപാർശകൾ സമർപ്പിക്കാൻ മുൻ ചീഫ് ഇലക്ഷൻ കമ്മീഷണർ ശ്രീ. ജെ. എം. ലിംങ്ദോ ചെയർമാനായി ആറംഗ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കോളേജ് യൂണിയനുകളിലേക്കും സർവ്വകലാശാലാ യൂണിയനുകളിലേക്കും നടക്കുന്ന തെരഞ്ഞെടുപ്പ് സംബന്ധിച്ച് നിലവിലുള്ള കേസുകളിൽ ബഹു: സുപ്രീംകോടതി 3-10-2005-ൽ പുറപ്പെടുവിച്ച് ഇടക്കാല ഉത്തരവിൽ പ്രസ്തുത തെരഞ്ഞെടുപ്പുകൾ എന്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നടത്തേണ്ടത് എന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം ആരാഞ്ഞിരുന്നു. സർവകലാശാലാ വൈസ് ചാൻസലർമാരുടെ ഏകകണ്ഠമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുകൾ നടത്തുന്നതിന് പ്രസിഡൻഷ്യൽ രീതിയാണ് അഭികാമ്യമെന്ന് ബഹു: സുപ്രീംകോടതിയെ അറിയിക്കുകയും ചെയ്തു.

സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ പഠിക്കുന്ന പിന്നോക്ക വിദ്യാർത്ഥികളുടെ അധികരിച്ച ഫീസ് സർക്കാർ നൽകുന്നതിന് നടപടി

4 [*159] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന എസ്. സി./എസ്. ടി., വിഭാഗങ്ങളിലേയും ഒ. ഇ. സി. വിഭാഗങ്ങളിലേയും വിദ്യാർത്ഥികൾക്ക് അധികമായി നൽകേണ്ടി വരുന്ന ഫീസ്, സർക്കാർ നൽകുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുമോ; ആയതിന്റെ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഭാഗങ്ങൾക്ക് നൽകുന്ന സർക്കാർ ആനുകൂല്യങ്ങൾ പിന്നോക്ക സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) ബഹു: സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം (റിട്ട.) ജസ്റ്റീസ് കെ. റ്റി. തോമസ് ചെയർമാനായുള്ള കമ്മിറ്റി നിശ്ചയിക്കുന്ന ഫീസാണ് 2004-05 അദ്ധ്യയന വർഷം മുതൽ സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകൾക്ക് ബാധകമാക്കിയിട്ടുള്ളത്. ഒരു കോഴ്സിന് രണ്ടു ഫീസ് പാടില്ലെന്നും ബഹു: സുപ്രീംകോടതി വ്യക്തമാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകൾക്ക് അംഗീകരിച്ചിട്ടുള്ള ഫീസ് നിരക്ക് താഴെപ്പറയുംപ്രകാരമാണ്:

എം.ബി.ബി.എസ്.	-	1,13,000 രൂപ
എഞ്ചിനീയറിംഗ്	-	38,700 രൂപ
ബി.ഡി.എസ്.	-	76,000 രൂപ
ആയുർവേദം (ബി.എ.എം.എസ്.)	-	45,500 രൂപ
ബി.ഫാം	-	35,000 രൂപ
ബി,എസ്.സി. നഴ്സിംഗ്	-	49,400 രൂപ
ബി.എസ്.എം.എസ്. (സിദ്ധ)	-	40,500 രൂപ

LIBRARY ARCHIVES Kerala Legislative Assembly